(ബി) നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമെ പരസ്യം, ക്യാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി.-യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ടുചെയ്യുന്നതുപോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്വം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് പ്രാപ്യമാകുകയും ചെയ്യും.

(സി&ഡി) പി.പി.പി. മാതൃകയിൽ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തിലാണ് കെ.എസ്.എഫ്.ഡി.സി. ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താൽപ്പര്യമുള്ള പക്ഷം കെ.എസ്.എഫ്.ഡി.സി.-യെ സമീപിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 6 തദ്ദേശ ഭരണ സ്ഥാപനങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

സുരക്ഷിത സ്ത്രീയാത്രാ പദ്ധതി

22 (*472) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസിലെ സ്ത്രീ യാത്രക്കാർക്ക് ഏത് സമയത്തും ബസ് ഡിപ്പോകളിൽ സുരക്ഷിതമായി വിശ്രമിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ച് സ്ത്രീ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. സർവ്വീസുകളിലേക്ക് കൂടുതലായി ആകർഷിക്കുകയാണ് ഉദ്ദേശ്യലക്ഷ്യം.

(സി) നിലവിൽ മറ്റാരുടെയും സഹകരണം ലഭിച്ചിട്ടില്ല.

(ഡി) 35 കേന്ദ്രങ്ങളിൽ ടി ആവശ്യത്തിലേക്ക് പര്യാപ്തമായ വനിതാ വിശ്രമ കേന്ദ്രങ്ങൾ നിർമ്മിച്ച് പ്രവർത്തനം നടത്തിവരുന്നു.

സ്ത്രീസുരക്ഷാ പദ്ധതി

23 (*473) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീസുരക്ഷാ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് വനിതകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിലേക്കായി പ്രത്യേക പോലീസ് സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെൽ രൂപീകരിച്ച് ഈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് 'നിർഭയ കേരളം സുരക്ഷിതകേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് അടിയന്തരമായി വൈദ്യസഹായം, നിയമസഹായം, കൗൺസലിംഗ്, സംരക്ഷണം എന്നിവയെല്ലാം ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. കുറ്റകൃത്യങ്ങൾക്കെതിരെ ജാഗ്രത പാലിക്കാനും മറ്റുമുള്ള ബോധവൽക്കരണം നൽകുകയും ആവശ്യസമയങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനും സഹായിക്കുന്നുണ്ട്. സ്ത്രീ സുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട് കേരളാ പോലീസ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ റിസപ്ഷനും ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനിൽ നേരിട്ടും ഫോൺ മുഖാന്തരവുമുള്ള (1091) പരാതികൾ സ്വീകരിക്കുകയും ആയതിന് ഉടൻ പരിഹാരം നൽകുകയും ചെയ്യുന്നു. ജനമൈത്രി പോലീസ് സംവിധാനം,

LIBRARY ARCHIVES Kerala Legislative Assembly